"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ജീവനക്കാര്യം-ശ്രീ.ലതേഷ് കുമാർ വിവി മുനിസിപ്പൽ സെക്രട്ടറി നിയമനത്തിനായി കാത്തു നിന്ന കാലയളവ് ക്രമീകരിച്ച് ഒ.എ(ഇ.കെ.എം)978/2022 കേസിലെ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22.09.2022ലെ ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2409/2023/LSGD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-

1. 22.01.2021 ലെ സ.ഉ(സാധാ)നം.184/2021/തസ്വഭവ
2. ശ്രീമതി ബീന എസ്. കുമാർ ഫയൽ ചെയ്ത OA(EKM)209/2021 ലെ 29.01.2021, 09.04.2021 ലെ ഇടക്കാല വിധിന്യായങ്ങൾ
3. 08.06.2021 ലെ സ.ഉൾസാധാ)നം.1106/2021/തസ്വഭവ
4. ബഹു കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ2005/2021 മേലുള്ള 20.12.2021 ലെ ഉത്തരവ്
5. 02.06.2022 ലെ സ.ഉ(സാധാ)നം1365/2022/തസ്വഭവ
6. ബഹു ഹൈക്കോടതിയുടെ OP(KAT)No.435/2022 മേലുള്ള 11.09.2023 ലെ വിധിന്യായം

**ഉത്തരവ്**

പരാമർശം 1 ലെ ഉത്തരവ് പ്രകാരം പട്ടാമ്പി നഗരസഭയിൻ നിന്നും ശ്രീ ലതേഷ് കുമാറിനെ അങ്കമാലി നഗസഭയിലേക്ക് സ്ഥലം മാറ്റി നിയമിച്ചെങ്കിലും പന്തളം നഗസഭയിലേക്ക് സ്ഥലംമാറ്റം ലഭിച്ച അങ്കമാലി നഗരസഭാ സെക്രട്ടറി ശ്രീമതി ബീന.എസ്.കുമാർ ടി സ്ഥലംമാറ്റ ഉത്തരവിനെതിരെ ഫയൽ ചെയ്ത OA(EKM)209/2021 നമ്പർ കോടതി കേസിന്മേലുള്ള 29.01.2021 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ടി സ്ഥലംമാറ്റ ഉത്തരവ് സ്റ്റേ ചെയ്തതിനാൽ ടിയാൾക്ക് ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല. പട്ടാമ്പി നഗരസഭയിൽ നിന്നും വിടുതൽ ചെയ്ത് തൃശ്ശൂർ നഗരസഭയിൽ ജോലിയിൽ പ്രവേശിക്കുന്നതുവരെ

നിയമനത്തിനായി കാത്തുനിന്ന കാലയളവായ 26/01/21 മുതൽ 08/06/21 വരെ ഡ്യൂട്ടിയായി പരിഗണിച്ച് സർവ്വീസ് ക്രമവത്ക്കരിക്കണമെന്ന ശ്രീ.ലതേഷ് കുമാറിന്റെ അപേക്ഷ പരിശോധിച്ചതിൽ, ഒരു ജീവനക്കാരൻ നിയമനം ലഭിച്ച തസ്തികയിൽ പ്രവേശിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ തിരികെ നിയമനാധികാരി മുമ്പാകെ തുടർ നിയമനത്തിനായി ഫിസിക്കലായി റിപ്പോർട്ട് ചെയ്ത് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ശ്രീ.ലതേഷ് കുമാർ നെ പട്ടാമ്പി നഗരസഭയിൽ നിന്നും സ്ഥലംമാറ്റി അങ്കമാലി നഗരസഭയിലേക്ക് നിയമിച്ചതു പ്രകാരം ടിയാൻ 25.01.2021 തിയതിയിൽ പട്ടാമ്പി നഗരസഭയിൽ നിന്നുംവിടുതൽ ചെയ്തെങ്കിലും അങ്കമാലി നഗരസഭയിൽ ചാർജെടുക്കാൻ സാധിക്കാത്തതിനെ തുടർന്ന് വകുപ്പ മേധാവി മുമ്പാകെ നേരിട്ട് ഹാജരായിട്ടുള്ളതായ രേഖകളൊന്നും ലഭ്യമല്ലായെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ നഗരസഭാ സെക്രട്ടറി തസ്തികയിൽ സേവനത്തിൽ പ്രവേശിക്കാൻ കഴിയാത്തതിനെ തുടർന്ന് തുടർ നിയമനത്തിനായി ശ്രീ.ലതേഷ് കുമാർ വി.വി നിയമനാധികാരി മുമ്പാകെ ഫിസിക്കലായി റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ ശ്രീ.ലതേഷ് കുമാർ വി.വി. നിയമനത്തിനായി കാത്തുനിന്ന 26/01/2021 മുതൽ 08/06/2021 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച് ഒ.എ.നം 2005/2021 പ്രകാരം 20/12/2021ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ടിയാൻ വീണ്ടും. ഒഎ.(ഇ.കെ.എം)978/2022 ഫയൽ ചെയ്യുകയും ടി കേസിൽ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 22.09.2022 ലെ ഉത്തരവ് പ്രകാരം സർക്കാറിന്റെ അനക്ഷർ എ13 ഓർഡർ റദ്ദാക്കുകയും 26.01.2021 മുതൽ 08.06.2021 വരെയുള്ള കാലയളവിൽ അപേക്ഷകന്റെ സേവനം ക്രമപ്പെടുത്തുന്നതിന് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാൻ സർക്കാരിനോട് നിർദേശിക്കുകയും കൂടാതെ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നൽകേണ്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും നിർദേശിച്ചു.

2. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22.09.2022 ലെ ഉത്തരവിനെതിരെ സർക്കാർ OP(KAT)No.435/2022 ഫയൽ ചെയ്തെങ്കിലും ടി കേസിലെ 11.09.2023 ലെ ബഹു ഹൈക്കോടതിയുടെ വിധിന്യായത്തിൽ ഇപ്രകാരം സൂചിപ്പിച്ചിരുന്നു.

The findings of the Government in Annexure A13 are contrary to the findings rendered by the Tribunal. Hence we do not find any illegality or impropriety in Anneure A13 order passed by the Tribunal and the OP(KAT) is only to be dismissed.

3. കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 12 (7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം അവധി, പരിശീലനം, അന്യത്രസേവനം മുൻ നിയമനം എന്നിവയെ തുടർന്ന് തുടർ നിയമനത്തിനായി വകുപ്പിൽ

റിപ്പോർട്ട് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് തീയതി മുതൽ പുതിയ തസ്തികയിൽ ചുമതലയേൽക്കുന്ന തീയതി വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതാണ്. കോവിഡ് പോലെയുള്ള മഹാമാരികൾ മൂലമോ മറ്റ് കാരണങ്ങളാലോ സഞ്ചാരനിയന്ത്രണമുള്ള സന്ദർഭങ്ങളിൽ സർക്കാർ ഇളവ് അനുവദിക്കുന്ന സാഹചര്യങ്ങളിലൊഴികെ മേൽ സൂചിപ്പിച്ച ചട്ടത്തിൽ 'റിപ്പോർട്ട് ചെയ്യുക' എന്നത് കൊണ്ട് അർത്ഥമാക്കുന്നത് നിയമനാധികാരി/ നിയന്ത്രണാധികാരി മുമ്പാകെ നേരിൽ റിപ്പോർട്ട് ചെയ്യുക (Physical reporting) എന്നത് തന്നെയാണ്. സ്ഥലംമാറ്റ ഉത്തരവിനെ തുടർന്ന് 25.01.2021 ന് പട്ടാമ്പി നഗരസഭയിൽ നിന്നും വിട്ടുതൽ ചെയ്യപ്പെട്ട ശ്രീ.ലതേഷ് കുമാർ അങ്കമാലി നഗരസഭയിൽ ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്നതിനെ തുടർന്ന് എത്രയും പെട്ടെന്ന് ഡയറക്ടർ മുമ്പാകെ നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ടതായിരുന്നു. എന്നാൽ ടിയാൻ നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനു പകരം 02.02.2021 ലെ കത്ത് മുഖേന നഗരകാര്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. 08.06.2021 ലെ ഉത്തരവ് പ്രകാരമാണ് ശ്രീ.ലതീഷ് കുമാറിന് അടുത്ത് നിയമനം നൽകിയിട്ടുള്ളത്. State of Bihar and others Vs Kripa Nand Singh and another (Civil Appeal No.6692/2014) കേസിൽ ബഹു.സുപ്രീം കോടതി ചുവടെ പറയും പ്രകാരം ഉത്തരവായിരുന്നു.

No work, no pay is the rule and 'no work, yet pay' is the exception. Compulsory waiting period is one such exception. But to qualify for the exception, an employee has to establish that he had made earnest endeavours and yet that he was not able to join duty for no fault on his part. He must also show his earnestness to join duty. Voluntary waiting period is not covered by the exception.

4. ബഹു ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.ലതീഷ് കുമാർ നേരിട്ട് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും അങ്കമാലി നഗരസഭാ സെക്രട്ടറി, ടിയാരിയുടെ സ്ഥലംമാറ്റത്തിനെതിരെ ഫയൽ ചെയ്ത കേസുകളിൽ സർക്കാരും നഗരകാര്യ ഡയറക്ടറും കക്ഷിയായിരുന്നതിനാൽ ശ്രീ.ലതീഷ് കുമാറിന് അങ്കമാലി നഗരസഭയിൽ ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന സാഹചര്യത്തെക്കുറിച്ച് സർക്കാരിനും ഡയറക്ടർക്കും അറിവുണ്ടായിരുന്നു എന്ന നിരീക്ഷണത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് ശ്രീ.ലതേഷ് കുമാർ നിയമനത്തിനായി കാത്തിരുന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാൻ ബഹു.ഹൈക്കോടതി ഉത്തരവായതെന്ന വസ്തുത കണക്കിലെടുത്ത് പട്ടാമ്പി നഗരസഭയിൽ നിന്നും വിട്ടുതൽ ചെയ്ത് തൃശ്ശൂർ നഗരസഭയിൽ ജോലിയിൽ പ്രവേശിക്കുന്നതുവരെ ശ്രീ.ലതേഷ് കുമാർ നിയമനത്തിനായി കാത്തുനിന്ന കാലയളവായ 26/01/2021 മുതൽ 08/06/2021 വരെ ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ടും

അപ്രകാരം ശ്രീ ലതേഷ് കുമാർ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം.)978/2022 കേസിലെ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22.09.2022 ലെ ഉത്തരവ് നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

**To:**

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ ,എറണാകുളം(ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ശ്രീ.ലതേഷ് കുമാർ വിവി, ജോയിന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 04-12-2023 13:46:08

സെക്ഷൻ ഓഫീസർ